പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

10.07.2014-ലെ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 6962

## വിവിധ ടൂറിസ്റ്റു കേന്ദ്രങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ടൂറിസം സർക്യൂട്ട്

ചോദ്യം

ശ്രീ.ബി.ഡി.ദേവസ്സി

ഉത്തരം

ശ്രീ.എ.പി.അനിൽകുമാർ
(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)

(എ) തുമ്പൂർമുഴി, അതിരപ്പിള്ളി, വാഴച്ചാൽ, ഏഴാറ്റുമുഖം, കാലടി, മലയാറ്റൂർ, കോടനാട്, ഭൂതത്താൻകെട്ട് തുടങ്ങിയ ടൂറിസ്റ്റുകേന്ദ്രങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ടൂറിസം സർക്യൂട്ട് ആരംഭിക്കുമെന്ന മുൻവർഷത്തെ ബജറ്റ് പ്രഖ്യാപനം യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ടൂറിസം സർക്യൂട്ട് ആരംഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

**(എ) യും (ബി) യും**

പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 30 വർഷത്തെ കാഴ്ചപ്പാടോടു കൂടി ഒരു മാസ്റ്റർ പ്ലാൻ (കാലടി-മലയാറ്റൂർ-അതിരപ്പിള്ളി ടൂറിസം സർക്യൂട്ട്) തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. പ്രസ്തുത മാസ്റ്റർപ്ലാൻ തയ്യാറാക്കിയ ശേഷം മാത്രമേ ടൂറിസം സർക്യൂട്ട് നടപ്പിലാക്കാൻ കഴിയുകയുള്ളു.

സെക്ഷൻ ഓഫീസർ